**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2860** **18-03-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ - അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതികളുടെ ഭാഗമായി നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | പ്രസ്തുത മണ്ഡലത്തിൽ നെല്ലിയാംകുന്ന് പട്ടികജാതി കോളനി (ഏലംകുളം പഞ്ചായത്ത് ) , പൂളക്കുഴി പട്ടികജാതി കോളനി (മേലാറ്റൂർ പഞ്ചായത്ത്), മരുതാംപാറ പട്ടികജാതി കോളനി (താഴെക്കോട് പഞ്ചായത്ത്) എന്നീ 3കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. നെല്ലിയാംകുന്ന് പട്ടികജാതി കോളനി (2016-17) അംഗൻവാടിക്ക് മുകളിലായി കമ്മ്യൂണിറ്റി സെന്റർ, സോളാർ തെരുവ് വിളക്ക്, സാനിട്ടേഷൻ, വീട് റിപ്പയർ, സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചു. ഉൾറോഡ്, നടപ്പാത നിർമ്മാണം എന്നിവ ഭാഗികമായി പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി, രണ്ട് ഭവന പുന:രുദ്ധാരണ പ്രവർത്തികൾ, ഒരു നടപ്പാത നിർമ്മാണം, ഒരു റോഡ് റിപ്പയർ വർക്ക് എന്നിവയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പൂളക്കുഴി പട്ടികജാതി കോളനി (2016-17) എസ്റ്റിമേറ്റ് പ്രകാരമുള്ള ഉൾറോഡ്, നടപ്പാത നിർമ്മാണം കുടിവെള്ള പദ്ധതി സാനിട്ടേഷൻ എന്നിങ്ങനെ 98% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടതലായി ഉൾപെടുത്തിയിട്ടുള്ള റയിൽവേ ലൈനിനടുത്തുള്ള നടപ്പാത നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു. മരുതാംപാറ പട്ടികജാതി കോളനി (2019-20) ഉൾറോഡ്, നടപ്പാത നിർമ്മാണം, സംരക്ഷണ ഭിത്തി എന്നീ പണികൾ പൂർത്തീകരിച്ചു. വീട് പുന:രുദ്ധാരണം ഒഴിവാക്കിയതിന് (ലൈഫ് പദ്ധതി മുഖേന പുതിയവീട് മതിയെന്ന ആവശ്യപ്രകാരം) പകരമായുള്ള ഇൻഫർമേഷൻ സെന്റർ നിർമ്മാണം, കുടിവെള്ള പദ്ധതി എന്നിവയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ